**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2126** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് നടന്ന മുങ്ങിമരണങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് നടന്ന മുങ്ങിമരണങ്ങളുടെ എണ്ണം ജില്ല, വർഷം എന്നിവ തിരിച്ച് നൽകാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** ഇതിൽ ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും എണ്ണം വെവ്വേറെ നൽകാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധം 2 (പട്ടിക 1, പട്ടിക 2) ആയി ചേർക്കുന്നു.

**(സി)** ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, പതിനഞ്ച് വയസ്സോ അതിൽ താഴെയോ പ്രായമുള്ളവർ, മുപ്പത് വയസ്സോ അതിൽ താഴെയോ പ്രായമുള്ളവർ എന്നിവരുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു.

**(ഡി)** സംസ്ഥാനത്ത് മുങ്ങി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് എന്തെങ്കിലും തരത്തിലുള്ള സർക്കാർ സഹായം നൽകുന്നുണ്ടോ;

**<u>മറുപടി:</u>** SDRF മാനദണ്ഡങ്ങൾ പ്രകാരം വെള്ളപ്പൊക്കം, അപ്രതീക്ഷിത വെള്ളപ്പൊക്കം (ഫ്ലാഷ് ഫ്ലഡ്), സുനാമി, കടൽക്കാറ്റ് മൂലമുള്ള കടൽ പ്രളയം തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന മുങ്ങിമരണങ്ങൾക്ക് നിലവിൽ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളുമായി ബന്ധമില്ലാത്ത അപകടകരമായ മുങ്ങിമരണങ്ങൾ SDRF മാനദണ്ഡങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നതല്ല. എന്നിരുന്നാലും കുടുംബ വാർഷിക വരുമാനം 2 ലക്ഷത്തിൽ അധികരിക്കാത്ത കുടുംബത്തിൽ നിന്നും, മുങ്ങിമരണം ഉൾപ്പടെയുള്ള അപകടമരണവുമായി ബന്ധപ്പെട്ട് ധനസഹായത്തിനായി അപേക്ഷ ലഭിക്കുന്നപക്ഷം, മരണപ്പെട്ട വ്യക്തിയുടെ നിയമാനുസൃത അവകാശിക്ക് അനുബന്ധ രേഖകൾ ആയ death certificate, postmortem report, FIR, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ പരിശോധിച്ചുകൊണ്ട് ഒരുലക്ഷം രൂപ വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാറുണ്ട്.

**(ഇ)** മുങ്ങി മരണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ?

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം -1

| ജില്ല | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|
| TVM C | 19 | 42 | 33 | 41 | 36 |
| TVM R | 164 | 152 | 142 | 165 | 105 |
| KLM C | 100 | 82 | 30 | 76 | 56 |
| KLM R | 74 | 90 | 79 | 83 | 86 |
| PTA | 61 | 78 | 64 | 47 | 50 |
| ALP | 103 | 88 | 91 | 66 | 105 |
| KTM | 67 | 75 | 93 | 70 | 84 |
| IDK | 62 | 57 | 61 | 48 | 45 |
| EKM C | 56 | 63 | 66 | 74 | 74 |
| EKM R | 75 | 112 | 112 | 117 | 82 |
| TSR C | 82 | 104 | 108 | 91 | 94 |
| TSR R | 100 | 97 | 118 | 109 | 118 |
| PKD | 181 | 160 | 142 | 129 | 127 |
| MPM | 111 | 144 | 156 | 132 | 104 |
| KKD C | 53 | 62 | 61 | 63 | 54 |
| KKD R | 67 | 68 | 73 | 72 | 66 |
| WYND | 30 | 22 | 22 | 10 | 16 |
| KNR C | 83 | 89 | 90 | 64 | 100 |
| KNR R | 50 | 53 | 45 | 54 | 38 |
| KSD | 55 | 75 | 68 | 56 | 86 |

സെക്ഷൻ ഓഫീസർ

അനുബന്ധം – 3

| വർഷം | സ്ത്രീകൾ | | പുരുഷൻമാർ | |
|---|---|---|---|---|
| | 15 വയസ്സ് വരെ | 15 വയസ്സിന് മുകളിൽ 30 വയസ്സ് വരെ | 15 വയസ്സ് വരെ | 15 വയസ്സിന് മുകളിൽ 30 വയസ്സ് വരെ |
| 2021 | 28 | 50 | 94 | 265 |
| 2022 | 35 | 39 | 139 | 283 |
| 2023 | 53 | 57 | 136 | 264 |
| 2024 | 37 | 44 | 100 | 248 |
| 2025 | 32 | 24 | 90 | 241 |

സെക്ഷൻ ഓഫീസർ